# വായനയുടെ ലോകം

ഡോ.കെ.ജി.പൗലോസ്

---

യവനചരിത്രകാരനായ പ്ളൂട്ടാർക്കിനെ വിശ്വസിക്കാമെങ്കിൽ, പുസ്തകങ്ങൾ പ്രേമോപഹാരങ്ങളുമാണ്. ക്ലിയോപാട്രയെ പ്രസാദിപ്പിക്കാൻ മാർക്ക് ആന്റണി രണ്ടുലക്ഷം ഗ്രീക്ക് ഗ്രന്ഥങ്ങളാണ് അലക്സാഡ്രിയയിലെ ലൈബ്രറിക്ക് നൽകിയതത്രേ! ആ ലൈബ്രറിയാകെ പിന്നീട് വന്നവർ കത്തിച്ചുകളഞ്ഞുവെന്നത് വേറെ കാര്യം. ഏതായാലും പുസ്തകത്തിന്റെ പല പ്രയോജനങ്ങളിൽ ഒന്ന് അതിനൊരു ടാജ്മഹലാകാൻ കഴിയുന്നു എന്നതാണ്; മറ്റൊന്ന് അല്പന്മാർക്ക് എരിയാൻ ഇന്ധനമാകുന്നുവെന്നതും. വിവരമുള്ളവർ പുസ്തകത്തെ സ്നേഹിച്ചതുപോലെ അതില്ലാത്തവർ വെറുത്തിട്ടുമുണ്ട്. ഇവ രണ്ടുമല്ല; വായനയാണ് ഇവിടെ വിഷയം.

വായന മരിച്ചെന്ന് വായനശാലാ വാർഷികങ്ങളിൽ പതിവായി വിലപിക്കുന്നവരുണ്ട്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ പ്രചാരമാണ് കാരണമായി അവർ ചൂണ്ടിക്കാണിക്കാറുള്ളത്. ഇത് തീരെ അടിസ്ഥാനമില്ലാത്ത ഒരാശങ്കയാണ്. വായനക്കാരുടെ എണ്ണം കുറയുകയല്ല, കൂടുകയാണ് ചെയ്യുന്നതെന്ന് നമ്മുടെ സാംസ്കാരികരംഗത്തെ ചലനങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. എക്കാലവും ഗൗരവമായ വായനയിൽ മുഴുകുന്നവർ ചെറിയ വിഭാഗമായിരുന്നു. ആ നില ഇപ്പോഴും തുടരുന്നു; എന്നാൽ സമൂഹത്തിൽ അവരുടെ പങ്ക് പണ്ടത്തേതിൽനിന്ന് മാറിയിട്ടുണ്ട്. വായനയുടെ പ്രശ്നങ്ങളെ വായനയുടെ ചരിത്രം, വായനയുടെ വഴികൾ, ആരുടെ വായന എന്നിങ്ങനെ മൂന്നുതലത്തിൽ വിലയിരുത്താം.

**വായനയുടെ ചരിത്രം**

അഗ്നിച്ചിറകുകൾ ഉണ്ട്, അറിവിന്. എങ്കിലും ഏറെക്കാലം അത് നിഗൂഢമായിരുന്നു. ദേവന്മാരിൽനിന്ന് അഗ്നി മനുഷ്യരിലെത്തിച്ചതിനാണ് പ്രൊമിത്യൂസിനെ ബന്ധിച്ചത്. കാൽക്കലിരിക്കുന്ന ശിഷ്യന്റെ കാതിലേക്ക് ഗുരു പകരുന്ന അറിവാണ് ഉപനിഷത്തിന്റെ രഹസ്യങ്ങൾ. ഈ നിഗൂഢത അലിഞ്ഞില്ലാതെയാകുന്നതിന്റെ കഥയാണ് വായനയുടെ ചരിത്രം.

ആംഗ്യമായിരുന്നു സംവേദനത്തിന്റെ ആദ്യഭാഷ. വെളിച്ചമുള്ളപ്പോഴും മുഖാമുഖമായി നിൽക്കുമ്പോഴും മാത്രമേ ആശയവിനിമയം നടക്കൂ എന്നതാണിതിന്റെ പരിമിതി. പിന്നീടാണ് ശബ്ദം മാദ്ധ്യമമായത്. ഒരേ ശബ്ദം തന്നെ സന്ദർഭമനുസരിച്ച് വിവിധ അർത്ഥങ്ങളെ അറിയിച്ചിരുന്നു. ഈ അവ്യവസ്ഥിതിയും രേഖപ്പെടുത്തി വെയ്ക്കാൻ വയ്യാത്ത അവസ്ഥയുമാണ് ആദ്യം ചിത്രമെഴുത്തിനും (pictorial writing) പിന്നീട് വിവിധ ലിപികൾക്കും രൂപം കൊടുത്തത്. ജ്ഞാനപ്രസരണത്തിൽ ലിപിയുടെ കണ്ടുപിടുത്തം വലിയൊരു വഴിത്തിരിവായിരുന്നു. എങ്കിലും ഇത് പ്രയോജനപ്പെടുത്തി വിജ്ഞാനം നേടിയവർ അതത് സമൂഹത്തിൽ അഞ്ചുശതമാനത്തിലധികം ഇല്ലായിരുന്നു. അമ്പതിനായിരം വർഷത്തെ മാനവചരിത്രത്തിൽ ഇക്കഴിഞ്ഞ അഞ്ചുശതകങ്ങളൊഴിച്ച് നാല്പത്തൊൻപതിനായിരത്തിയഞ്ഞൂറ് വർഷങ്ങളിലും സ്ഥിതി ഇതായിരുന്നു.

പതിനാറാം നൂറ്റാണ്ടിലെ അച്ചടിയുടെ കണ്ടുപിടുത്തമാണ് ആശയവിനിമയത്തിന്റെ ചരിത്രത്തെ അട്ടിമറിച്ചത്. അറിവിനെ മൂടിയിരുന്ന നിഗൂഢത അതോടെ ഇല്ലാതായി. രഹസ്യമായിരുന്ന വേദഗ്രന്ഥങ്ങൾ പരസ്യമായി ആർക്കും കിട്ടുമെന്ന നിലവന്നു. അച്ചടിപ്പിശാച് എന്നാണ് ഈ കണ്ടുപിടുത്തത്തെ അന്ന് യൂറോപ്പിലുള്ളവർ പരിഹസിച്ചത്, വിഡ്ഢിപ്പെട്ടിയെന്ന് ടെലിവിഷനെ ഇന്ന് ചിലർ കളിയാക്കുന്നതുപോലെ. മതസ്ഥാപനങ്ങൾക്കും രാജാധികാരത്തിനും അച്ചടി വെല്ലുവിളി ഉയർത്തി. ഈ പുതിയ സൗകര്യങ്ങൾ ലഭിച്ചിട്ടും അറിവിന്റെ വിതരണം ഇരുപത് ശതമാനത്തിൽ താഴെ വിഭാഗങ്ങളിലേ വ്യാപിച്ചുള്ളൂ. പത്തുശതമാനത്തിലധികം പേർ ഈ സംവിധാനത്തെ പ്രയോജനപ്പെടുത്തിയില്ലെന്നാണ് പണ്ഡിതമതം. വായന അദ്ധ്വാനമുള്ള പ്രവൃത്തിയാണെന്നതാണ് അതിന് കാരണം.

ഒരു നൂറ്റാണ്ടിലേറെപ്പഴക്കമില്ല ശ്രവ്യമാദ്ധ്യമങ്ങൾക്ക്. അറിവിന്റെ വിനിമയം ഇതോടെ എളുപ്പമായി. എങ്കിലും മുപ്പത് ശതമാനത്തിലധികം ജനങ്ങളിലേക്ക് ചെന്നെത്താൻ റേഡിയോ പോലുള്ള മാദ്ധ്യ

മങ്ങൾക്ക് ആദ്യകാലങ്ങളിൽ കഴിഞ്ഞിരുന്നില്ല. ദൃശ്യമാദ്ധ്യമങ്ങളാണ് അറിവിനെ സുതാര്യമാക്കുകയും ബഹുഭൂരിപക്ഷം ജനങ്ങളിലേക്ക് അതിനെ എത്തിക്കുകയും ചെയ്തത്. എന്നിട്ടും ഇരുപതുശതമാനം പേർ അതിന്റെ പരിധിയിൽ പെട്ടിട്ടില്ല. എങ്കിൽപ്പോലും ഈ വിജ്ഞാനവിതരണ സംവിധാനം ഏറെക്കുറേ സാർവത്രികമാണ്. മൂന്നു ദശകത്തിലധികം ചരിത്രമില്ല ഇതിന്റെ വ്യാപനത്തിന്.

രണ്ടുകാര്യങ്ങൾ ഈ അവലോകനത്തിൽനിന്ന് വ്യക്തമാണ്. ഒന്ന്, സംവേദനത്തിന്റെ ചരിത്രത്തിൽ പുതിയ ഉപാധികൾ ഉണ്ടാകുന്നതിനുള്ള കാലത്തിന്റെ അളവാണ്. ആദ്യമാദ്യം കാലത്തിന് ദൈർഘ്യമേറിയിരുന്നു. പിന്നെപ്പിന്നെ ചുരുങ്ങിവന്നു. അച്ചടിക്ക് മുൻപുള്ള ദീർഘകാലം, അച്ചടിയുടെ അഞ്ചുശതകം, ശ്രവ്യത്തിന് ഒരു ശതകം, ദൃശ്യത്തിന് മൂന്നുദശകം. രണ്ടാമത്തെ കാര്യം, ഓരോ പുതിയ സംവിധാനവും അറിവിനെ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചു. ഇന്ന്, ഏറെക്കുറെ അത് സാർവത്രികമാവുകയും ചെയ്തു. അറിവിന്റെ അതിരുകൾ നേർത്തില്ലാതെയായി എന്നർത്ഥം.

വിശാലമായ ഈ പശ്ചാത്തലത്തിൽനിന്ന് വേണം വായനയുടെ പ്രശ്നങ്ങളെ വിലയിരുത്തുവാൻ. വായനയില്ലാതെ അറിവുനൽകുന്ന ഉപാധികൾ ഇന്ന് വേറെയുണ്ട്. എങ്കിൽപ്പോലും ചിന്തയെ മഥിക്കുന്നത് ഇന്നും വായന തന്നെയാണ്. സമൂഹത്തിന്റെ വിമോചനത്തിന് കാരണം വായന നൽകുന്ന വിചാരവിപ്ലവമാണ്. ഏഷ്യൻ ഡ്രാമ എന്ന ഗ്രന്ഥം നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കേണ്ടതാണ് –

> ‘monopoly of education together with monopoly of owership of land is the most fundamental basis of inequality and retain its hold more strongly in poor countires.’

വിദ്യാഭ്യാസത്തിന്റേയും ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റേയും – ഈരണ്ടു കുത്തകകളേയും തകർക്കാൻ പോയ നൂറ്റാണ്ടിൽ മലയാളിയെ ശക്തനാക്കിയത് അവന്റെ വായനാശീലമാണ്.

**വായനയുടെ വഴികൾ**

വായന, സാധാരണഗ്രഹിക്കാറുള്ളതുപോലെ, ഋജുവായ ഒരു പ്രക്രിയയല്ല. അതിന് പല വഴികളുണ്ട്. ശാകുന്തളം വായിച്ച ടാഗോറിന്റെ മനസ്സിലുദിച്ച സംശയം, അനസൂയയും പ്രിയംവദയും കാവ്യത്തിലെ ഉപേക്ഷിതകളായതെന്തുകൊണ്ട് എന്നാണ്. സീത ചെയ്ത തെറ്റെന്താണെന്നാണ് രാമായണം വായിച്ചപ്പോൾ ആശാൻ ആലോചിച്ചത്. മാമാ വരേർക്കർക്ക് തോന്നിയത് ശംബൂകനെ ഭൂമീപുത്രനാക്കാനാണ്. രാവണനെ വംശസ്ഥാപകനാക്കാനാണ് ശ്രീകണ്ഠൻ നായർ ശ്രമിച്ചത്. തായ്ത്തറയിൽ ശൂർപ്പണഖയുടെ പക്ഷത്തുനിന്നാണ് സാറാജോസഫ് സംഭവങ്ങളെ വിലയിരുത്തുന്നത്. ഇവയൊക്കെ വായനയുടെ സൃഷ്ടിപരമായ വ്യാഖ്യാനങ്ങളാണ്. പുനഃസൃഷ്ടിക്ക് തുനിയാറില്ലെങ്കിലും വിവിധതരം വായനാനുഭവങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നവരാണ് വായനക്കാരധികംപേരും.

ഇതിന്റെ അർത്ഥം ഒരു കൃതിക്ക് ഒറ്റ വായന എന്നൊന്നില്ല എന്നാണ്. വായനയല്ല, വായനകളാണ് ഉള്ളത് എന്നർത്ഥം. ഓരോ വ്യക്തിയും ഓരോ സമൂഹവും തങ്ങൾക്ക് ആവശ്യമുള്ളത് വായിച്ചെടുക്കുന്നു. ഇത്തരത്തിൽ എല്ലാ സമൂഹത്തിനും ആവശ്യമായത് നൽകാൻ കെൽപ്പുള്ള കൃതികൾക്കേ നിലനില്പുള്ളൂ. ‘രാമായണത്തിൽ എത്ര രാമായണങ്ങൾ ഉണ്ട്?’ എന്ന ചോദിച്ചാൽ ‘ഓരോ സമൂഹത്തിനും ആവശ്യമുള്ളത്ര രാമായണങ്ങൾ ഉണ്ട്’എന്നുത്തരം ലഭിക്കണം. വലിയ കൃതികൾ എല്ലാം അങ്ങനെയാണ്. വായനക്കുള്ള അനേകം വഴികൾ അവ തുറന്നിടുന്നു, അനവധി അടരുകൾ അവ സൂക്ഷിക്കുന്നു.

**ആരുടെ വായന?**

ഈ വഴികൾ നമ്മെ നയിക്കുന്നത് വ്യത്യസ്തവായനാനുഭവങ്ങളിലേക്കാണ്. അപ്പോൾ ഉദിക്കുന്ന ചോദ്യം ആരുടെ പക്ഷത്തുനിന്നാണ് ഓരോരുത്തരും വായിക്കുന്നത് എന്നാണ്. കവിപക്ഷത്തുനിന്ന് എന്നാണ് പണ്ടുള്ളവർ പറഞ്ഞിരുന്നത്. അതു പറയാൻ ഇപ്പോൾ ആവില്ല. വാക്ക് കൈവിട്ട

അമ്പാണ്. വിടുംമുമ്പ് എന്തും ചെയ്യാൻ കവിക്കവകാശമുണ്ട്. വിട്ടുകഴിഞ്ഞാൽ കാണുന്നവനോ കൊള്ളുന്നവനോ ആണ് ഗതിവേഗം വിലയിരുത്തുന്നത്.

ഈ ചോദ്യം സജീവമാകുന്നത് വായന ഒരു സാംസ്കാരികപ്രക്രിയ ആയതുകൊണ്ടാണ്. സംസ്കാരത്തിന് 'രാഷ്ട്രീയം' ഉണ്ട്. 1995-ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച Cultural Politics-ൽ ഉള്ളതാണ് ഈ വരികൾ.

> Whose culture shall be the official and whose shall be subordinated?
> What culture shall be regarded as worthy of display? What shall be hidden?
> Whose history shall be remembered and whose forgotten?
> What images of social life shall be projected and which shall be marginalised?
> What voice shall be heard and which be silenced?
> Who is represented where and on what basis ?

ഇവ ചോദ്യങ്ങളാണ്. ഉത്തരം കണ്ടുപിടിക്കേണ്ടത് വായനക്കാരാണ്. അപ്പോഴാണ് സംസ്കാരവും അധികാരവും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നത്. സമൂഹത്തിൽ അധീശത്വം ഉള്ളവരുടെ സംസ്കാരത്തിന്റെ ചിഹ്നങ്ങളെ പ്രചരിപ്പിക്കുകയും അല്ലാത്തവവയെ പ്രാന്തത്തിലേക്ക് മാറ്റുകയും ആണ് എന്നും ചെയ്യാറുള്ളത്. അധികാരം സംസ്കാരത്തെ ഉപകരണമാക്കുന്നതങ്ങനെയാണ്. അപ്പോഴാണ് ആരുടെ സംസ്കാരം എന്ന ചോദ്യമുയരുന്നതും വായനകൾ വഴിപിരിയുന്നതും.

വായനക്കാരെ അവരവരുടെ വഴികൾ കണ്ടെത്തുന്നതിന് സഹായിക്കയാണ് നാം ചെയ്യേണ്ടത്. അറിവിനെ സുതാര്യമാക്കുന്ന ഈ പ്രക്രിയയിൽ പണ്ടത്തേതുപോലെ മൗനവായനകൾ പോരാ. പരസ്യവായനകളും തുറന്ന സംവാദങ്ങളും ഉണ്ടാകണം; കാലത്തിന്റെ കുതിപ്പ് കേൾക്കാൻ കാതോർത്തിരിക്കയും വേണം.

---

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884 263440 (ഓഫീസ്), 04884 264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.